**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2810** **13-12-2022 - ൽ മറുപടിയ്ക്ക്**

**ഇരിമ്പിളിയം കേന്ദ്രമാക്കി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം പ്രദേശവാസികളുടെ ഏറെ നാളത്തെ ആവശ്യവും പ്രദേശത്തിന്റെ ആവശ്യകതയും കണക്കിലെടുത്ത് ഇരിമ്പിളിയം കേന്ദ്രമാക്കി സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യത്തിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം കേന്ദ്രമാക്കി ഒരു കെ.എസ്.ഇ.ബി.എൽ സെക്ഷൻ ഓഫീസോ, കസ്റ്റമർ കെയർ സെന്ററോ ആരംഭിക്കുന്നതിനുള്ള നിവേദനം ലഭിക്കുകയും അതിന്മേൽ പരിശോധന നടത്തുകയും ചെയ്തിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവ ശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾസ്വീകരിച്ച വരുന്നു. |
| (ബി) | ഉപഭോക്താക്കളുടെ ബാഹുല്യം, വളാഞ്ചേരി സെക്ഷൻ ഓഫീസിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതിനാൽ സെക്ഷൻ ഓഫീസ് വിഭജിച്ച് ഇരിമ്പിളിയം കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | മലപ്പുറം ജില്ലയിലെ കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം കേന്ദ്രമാക്കി ഒരു കെ.എസ്.ഇ.ബി.എൽ സെക്ഷൻ ഓഫീസോ, കസ്റ്റമർ കെയർ സെന്ററോ ആരംഭിക്കുന്നതിനുള്ള നിവേദനം ലഭിക്കുകയും അതിന്മേൽ പരിശോധന നടത്തുകയും ചെയ്തിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത |

| | | | |
|---|---|---|---|
| | | | സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ